നടപടികളും സ്വീകരിച്ചിട്ടുണ്ട്. കാർഡമം ബോർഡിന്റേയും ടാക്സസ് ഡിപ്പാർട്ടുമെന്റിന്റേയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റേയും, ഏലം ഉൽപ്പാദകരുടെ പ്രതിനിധികളുടേയും കൂടി ഒരു ഹൈലവൽ കോൺഫറൻസ് വിളിച്ചുകൂട്ടിയാൽ പല പ്രശ്നങ്ങൾക്കും ചർച്ചയിലൂടെ പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ഗവൺമെന്റ് തന്നെ ആ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഏലം ബോർഡ് ചെയർമാൻ ഉടനെതന്നെ ഇത്തരം ഒരു കോൺഫറൻസ് വിളിച്ചുകൂട്ടാൻ തയ്യാറാണെന്ന് ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. തീർച്ചയായിട്ടും ഏതെങ്കിലും വിഷയങ്ങൾ അവശേഷിച്ചിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള വിഷയങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ആ കോൺഫറൻസുകൊണ്ട് സഹായകരമാകും എന്നാണ് ഗവൺമെന്റ് കരുതുന്നത്.

(11) അയത്തിൽ ശ്രീനാരായണ ഗുരുദേവമന്ദിരത്തിന്റെ നേർക്കുള്ള ആക്രമണം.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, വളരെ ഗൗരവതരമായ ഒരു പ്രശ്നം ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്താനാണ് ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നത്. കന്നിമാസം അഞ്ചാം തീയതി എന്റെ നിയോജകമണ്ഡലത്തിൽ അയത്തിൽ എന്ന സ്ഥലത്ത് ശ്രീനാരായണഗുരു സമാധിദിനം ആചരിക്കാറുണ്ട്. അവിടെ ശ്രീനാരായണ ഗുരുവിന്റെ പ്രതിമ സ്ഥാപിച്ചിട്ടുള്ള ഒരു ഗുരു മന്ദിരമുണ്ട്. എല്ലാ വർഷവും സമാധി ദിനത്തിന്റെ അന്ന് പായസ സദ്യ മുതലായവ നടത്തും. ഈവർഷവും ആളുകൾ സ്ത്രീകളും കുട്ടികളും മറ്റ് ആളുകളും അതിനുള്ള ഏർപ്പാടു് ചെയ്തു കൊണ്ടിരുന്നു. ഗുരുമന്ദിരത്തിൽനിന്ന് കുറേ അകലെ റോഡിൽ രണ്ട് സൈറ്റ് റൗഡികൾ തമ്മിൽ അടികൂടി. അവർ തമ്മിൽ ഏറ്റുമുട്ടൽ നടന്നു. അത് കഴിഞ്ഞ് ഏതാനും നിമിഷങ്ങൾക്കകം വാൾ തുടങ്ങിയ മാർക്കായുധങ്ങളുമായിട്ട് കൂട്ടായിവന്ന് ഗുരു മന്ദിരത്തിന് നേരേ ആക്രമണം നടത്തി. കല്ല്, കട്ട മുതലായവ ഉപയോഗിച്ച് എറിയുകയും അവിടെ തയ്യാറാക്കി വച്ചിരുന്ന പായസത്തിൽ കല്ലും മണ്ണും എറിഞ്ഞ് വിതയാക്കുകയും ചെയ്തു. അവിടെ കൂടിയിരുന്ന സ്ത്രീകൾ അടുത്തുള്ള ഒരു കശുവണ്ടി ഫാക്ടറിക്കകത്ത് അഭയം പ്രാപിച്ചു. അതുകഴിഞ്ഞ് അരമണിക്കൂറിനുള്ളിൽ അയത്തിലുള്ള മദ്രസ ആക്രമിച്ചു. ആ പള്ളിയുടെ ഓട് തകർക്കുകയും അവിടെ അടുത്തുള്ള മന്ദിരത്തിൽ കടന്ന് ആക്രമണം നടത്തുകയും ചെയ്തു. ഗുരുമന്ദിരത്തിനുനേരേ നടന്ന ആക്രമത്തിൽ ഗുരുമന്ദിരത്തിന് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. മദ്രസ്സ അക്രമിച്ചു. ഇത് അരമണിക്കൂറിനകമാണ്. അതിനുശേഷം വലിയ സംഘർഷാവസ്ഥയുണ്ടാക്കി; ആളുകൾ കൂട്ടംകൂടി ആക്രമത്തിന് വേണ്ടിയുള്ള തയ്യാറെടുപ്പ് ആരംഭിച്ചു. പോലീസ് തക്കസമയത്ത് ഇടപെട്ടു. എസ്.പി.യുടെ നേതൃത്വത്തിലാണ് പോലീസ് ഇടപെട്ടത്. അങ്ങനെ തൽക്കാലം മറ്റ് കുഴപ്പങ്ങൾ ഉണ്ടാകാതെ അത് അവസാനിപ്പിക്കുവാൻ സാധിച്ചു. ഇപ്പോൾ അവിടെ പല സ്ഥലങ്ങളിലും രണ്ടുവിഭാഗമായി ആളുകൾ തിരിഞ്ഞ് ഗൂഢാലോചന നടത്തുകയും പരസ്പരം ആക്രമിക്കുന്നതിനുള്ള കരുക്കൾ നീക്കുകയുമാണ്. ഇതിൽ ചില സമ്പന്നൻമാരുണ്ട്. രണ്ടുവിഭാഗത്തിലുമുള്ളവരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആളുകളെ കൂടുതൽ കുഴപ്പങ്ങളിലേക്ക് നീക്കുന്നതിനുള്ള പ്രേരണകളും ഗൂഢാലോചനകളും അവിടെ നടത്തുന്നുണ്ട്. അത് അവിടെയുള്ള ആളുകൾക്ക് അറിവുള്ളതാണ്. ഇപ്പോൾ സംഭ്രാന്തി പരത്തുന്ന വാർത്തകൾ പ്രചരിക്കുന്നുണ്ട്. ഈ വാർത്തകളുടെ അടിസ്ഥാനത്തിൽ കൂടുതൽ വിഭ്രാന്തിയുണ്ടായിരിക്കുകയാണ്. അന്ന് പോലീസ് കൃത്യസമയത്ത് ഇടപെട്ടുവെങ്കിലും തുടർന്നുള്ള അന്വേഷണത്തിലും മറ്റ് കാര്യങ്ങളിലും ആ നയമല്ല സ്വീകരിക്കുന്നത്. ഒരു വിഭാഗത്തിന് മാത്രം വിഷമമുണ്ടാക്കുന്ന പ്രവർത്തനങ്ങളാണ് നടക്കുന്നത്. അവരുടെ വീടുകളിൽ കയറി പോലീസുകാർ ഉപദ്രവിക്കുന്നതായി പരാതിയുണ്ടായി. അത് മറ്റ് വിഭാഗത്തിന് കൂടുതൽ പ്രേരണയും നൽകുന്നുണ്ട്. ഇന്ന് യഥാർത്ഥത്തിൽ അവിടെ ആളുകൾക്ക് സംഭ്രാന്തിയുണ്ട്.

നേരത്തെ നടന്ന ഒരു വഴക്കിനെ തുടർന്നാണ് ആർ.എസ്.എസ്.കാരും ചുമട്ടുതൊഴിലാളികളും തമ്മിൽ സംഘട്ടനമുണ്ടായത്. ആർ.എസ്.എസ്കാർ ഒരു ഭാഗത്തും ചുമട്ടുതൊഴിലാളികൾ മറ്റൊരു ഭാഗത്തുമാണ്. അവർ അറിയപ്പെടുന്ന സാമൂഹ്യ വിരുദ്ധൻമാരാണ്; നല്ലയാളുകളല്ല. അതിന്റെ പകതീർക്കാൻവേണ്ടി സമാധി ദിനത്തിന്റെ അന്ന് ചെയ്തതാണ്. ഗുരുമന്ദിരത്തിൽ കൂടിയിരുന്ന ആളുകൾ ഇതൊന്നും തന്നെ അറിഞ്ഞവരല്ല. അവർ നിരപരാധികളാണ്. രാവിലെ 9 മണിക്കും 9.30 നും ഇടയ്ക്കാണ് സംഭവം നടന്നത്. അതിൽ ഏർപ്പെട്ടിട്ടുള്ള ആളുകളെ തിരിച്ചറിയാം, അതിനുള്ള തെളിവുകളുമുണ്ട്. അവരെ പിടിക്കാൻ കർശനമായ നടപടികൾ സ്വീകരിക്കുകയും, അവരെ ശിക്ഷിക്കുകയും വേണം. ഇത് ആവർത്തിക്കാതിരിക്കുവാൻ നടപടികൾ സ്വീകരിക്കുകയും വേണം. അന്വേഷണം നിഷ്പക്ഷമായിരിക്കണം. പോലീസ് ആ ദിവസം നടത്തിയ പ്രവർത്തനങ്ങൾ സ്തുത്യർഹമായിരുന്നു. തുടർന്നുള്ള അന്വേഷണങ്ങളിലും കുറച്ച് ബാഹ്യമായ സമ്മർദ്ദം ഉണ്ടാകുന്നുണ്ടോ എന്നു സംശയമുണ്ട്. അത് ഉണ്ടാകാതിരിക്കണം.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. വയലാർ രവി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്, അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഉണ്ടായ ഗുരുതരമാകുമായിരുന്ന ഒരു സംഭവത്തെക്കുറിച്ചാണ്. 19–ാം തീയതി ഉണ്ടായത് ഒരു ലോറിക്ക് ഒരു കൈവണ്ടി കൂസെഡ് കൊടുത്തില്ലായെന്നു പറഞ്ഞ് ഉണ്ടായ സംഭവമാണ്. അതിൽ ഉൾപ്പെട്ടിരുന്ന് സാമൂഹ്യ വിരുദ്ധൻമാരായ രണ്ട് ആളുകൾ തമ്മിൽ അടിയുണ്ടായി. അതിനെ തുടർന്ന്, പെട്ടെന്ന് മറ്റ് ചില ആളുകൾ അത് ഏറ്റെടുക്കുകയും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള നിർഭാഗ്യകരമായ സംഭവങ്ങൾ ഉണ്ടാകുകയും ചെയ്തു. പോലീസ് അവിടെ ഇടപെടുകയുണ്ടായി. പത്തിരുപത്തിയഞ്ച് ആളുകളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. കൂടുതൽ ആയുധ ശേഖരം ഉണ്ട് എന്നു സംശയിക്കപ്പെടുന്ന സ്ഥലത്ത് സെർച്ച് നടത്തുന്നുണ്ട്. പോലീസ് ജാഗ്രത പുലർത്തുന്നുണ്ട്. ഏതെങ്കിലും തരത്തിൽ ബാഹ്യമായ സമ്മർദ്ദം ഉണ്ടാകാതേയും പോലീസിന് പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടിയും അവിടെ നിയമസമാധാനം പാലിക്കാനും സംഘർഷം ഒഴിവാക്കാനും കഴിയുന്ന ഏത് നടപടിയും സ്വീകരിക്കാനുള്ള പൂർണ്ണമായ സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ട്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ വിളിച്ച് അവരോട് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇങ്ങനെ സാമൂഹ്യ സംഘർഷം ഉണ്ടാകുന്ന, അവസരങ്ങളിൽ ഗവൺമെന്റിന്റെ നയം തന്നെ പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പൂർണ്ണ സ്വാതന്ത്ര്യം കൊടുക്കുകയും അത് പൂർണ്ണമായി നിയന്ത്രിക്കുന്നതിനുള്ള ഏത് നടപടിയും എടുക്കുന്നതിനുള്ള സ്വാതന്ത്ര്യം കൊടുക്കുകയുമാണ്. ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. എവിടെയെങ്കിലും ഒരു ചെറിയ സംഘർഷം ഉണ്ടായാൽ, നമ്മുടെ സമൂഹത്തിൽ ഇപ്പോഴും കണ്ടുവരുന്ന ഒരു പ്രവണത—വിദ്യാസമ്പന്നർ ഏറ്റവും അധികം ഉണ്ടെന്ന് അഭിമാനിക്കുന്ന കേരളത്തിൽ കണ്ടുവരുന്നത്—ജാതിയുടേയും മതത്തിന്റേയും പേരു പറഞ്ഞ്, അത് സാമൂഹ്യ സംഘർഷം ഉണ്ടാക്കുന്ന ദുരവസ്ഥയിലേക്ക് കൊണ്ടുപോകുന്ന സ്ഥിതിവിശേഷമാണ്. ഞാൻ ആരേയും കുറ്റപ്പെടുത്തുകയല്ല. ഈ നിയമസഭയിൽ ഉൾപ്പെടുന്ന എല്ലാ രാഷ്ട്രീയ പാർട്ടികളുമടക്കം ഹൃദയം തുറന്ന് അതിനെപ്പറ്റി ആലോചിക്കേണ്ടതാണ്. ഒരു ആഭ്യന്തരമന്ത്രി എന്ന നിലയിൽ എനിക്ക് കിട്ടുന്ന റിപ്പോർട്ടുകളും ഞാൻ കാണുന്നതുമായ ഏറ്റവും നിർഭാഗ്യകരമായ ദുരവസ്ഥയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഈ സ്ഥിതി വിശേഷത്തിന് പരിഹാരം ഉണ്ടാക്കേണ്ടത് ഈ സംസ്ഥാനത്തിന്റേയും ഈ രാജ്യത്തെ ജനങ്ങളുടേയും നൻമയ്ക്ക് ആവശ്യമാണ്. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നിക്ഷിപ്തതാൽപ്പര്യക്കാരും പ്രമാണിമാരും പണക്കാരുമുണ്ട്. നേതൃത്വം കിട്ടാനോ, പ്രമാണിത്വം കാണിക്കാനോ ജനങ്ങളെ തമ്മിലടിപ്പിക്കുന്ന ഈ സ്ഥിതിവിശേഷത്തിന് അറുതി വരുത്തുവാൻ എല്ലാവരുടേയും സഹായവും സഹകരണവും ഞാൻ അഭ്യർത്ഥിക്കുകയാണ്.

IV. മേശപ്പുറത്തു വച്ച കടലാസുകൾ

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

(1) 1985 മേയ് 24—ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 301/85/ഫിൻ (എസ്.ആർ.ഒ. നമ്പർ 774/85).

(2) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ 1983 മാർച്ച് 31—ാം തീയതി അവസാനിച്ച വർഷത്തെ കണക്കിനെ സംബന്ധിച്ചുള്ള ആഡിറ്റ് റിപ്പോർട്ട്.

(3) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ 1984—85—ലെ വാർഷിക റിപ്പോർട്ട്.

V. റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 23 മുതൽ 26 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. പി. സീതിഹാജി: സർ, പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 23 മുതൽ 26 വരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly